**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 797** **06-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി, പട്ടിക -ഗോത്രവർഗ്ഗ വിദ്യാർത്ഥികളുടെ പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. എ. പ്രഭാകരൻ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | ഡിജിറ്റൽ ഉപകരണങ്ങളുടെ അഭാവം കൊണ്ടും കണക്ടിവിറ്റിയുടെ പ്രശ്നം കൊണ്ടും വീടുകളിലെ അസൗകര്യം കൊണ്ടും ഡിജിറ്റൽ വിദ്യാഭ്യാസ രീതിയിൽ പട്ടികജാതി, പട്ടിക-ഗോത്രവർഗ്ഗ വിദ്യാർത്ഥികൾ പിന്നാക്കം പോകാൻ സാധ്യതയുണ്ടാകാമെന്നതിനാൽ ആയതു പരിഹരിക്കുന്നതിനായി പ്രത്യേക ബോധന പരിപാടി ആവിഷ്കരിക്കുന്ന കാര്യം പരിശോധിക്കുമോ; | (എ) | കണക്ടിവിറ്റി ഇല്ലാത്ത കോളനികളിൽ കണക്ടിവിറ്റി ലഭ്യമാക്കാൻ ടെലകോം/ഇന്റർനെറ്റ് സേവന ദാതാക്കളുമായി ചർച്ച നടത്തി സങ്കേതങ്ങൾക്ക് അനുസൃതമായ മാർഗങ്ങൾ സ്വീകരിച്ച് കണക്ടിവിറ്റി ലഭ്യമാക്കുന്നതിനായി വകുപ്പിന്റെ കോർപ്പസ് ഫണ്ട് ഉപയോഗിക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനായുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. അർഹരായ വിദ്യാർത്ഥികൾക്ക് KITE മുഖേന ലാപ്ടോപ്പ് വിതരണം ആരംഭിച്ചിട്ടുണ്ട്. ഓൺലൈൻ പഠനം തടസ്സപ്പെടാതിരിക്കാനും ബോധനപ്രശ്നങ്ങൾ പരിഹരിക്കാനും സാമൂഹ്യപഠന മുറികൾ, മറ്റ് കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഫെസിലിറ്റേറ്റർമാരെ നിയോഗിച്ചിട്ടുണ്ട്. ഇതിനു പുറമേ മെന്റർ ടീച്ചർമാർ, മോഡൽ റസിഡൻഷ്യൽ സ്കൂൾ അധ്യാപകർ, റിട്ട. അധ്യാപകർ എന്നിവരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. സ്കൂളുകൾ തുറന്നു പ്രവർത്തിക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ പ്രത്യേക ബോധനരീതി ആവിഷ്കരിക്കുന്ന കാര്യത്തിൽ വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പഠനമുറി, പട്ടിക-ഗോത്ര വർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള സാമൂഹ്യ പഠനമുറി എന്നിവയുടെ നിർമ്മാണം എന്നിവ ത്വരിതഗതിയിൽ പൂർത്തീകരിച്ച് പഠനത്തിന് വേണ്ട അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നുണ്ടോ; | (ബി) | പട്ടികജാതി വിഭാഗം വിദ്യാർത്ഥികൾക്ക് പഠിക്കുന്ന തിനുള്ള അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിനായി പഠനമുറി നിർമ്മിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ധനസഹായം അനുവദിച്ചുവരുന്നു. 19,111 പഠനമുറി പൂർത്തീകരിച്ചിട്ടുണ്ട്. 2021-22 വർഷം 5,000 പേർക്ക് പഠനമുറി അനുവദിക്കുന്നതിന് DDO-മാർക്ക് അനുമതി ഉത്തരവ് നൽകിയിട്ടുണ്ട്. അനുവദിക്കുന്ന പഠനമുറി സമയബന്ധിതമായി പൂർത്തീകരിക്കുന്ന തിനുള്ള നടപടി വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം |

| | | | |
|---|---|---|---|
| | | | മെച്ചപ്പെടുത്തുന്നതിന് ഊരുകൾ കേന്ദ്രീകരിച്ച് 250 സാമൂഹ്യ പഠനമുറികൾ എല്ലാ സജ്ജീകരണങ്ങളും ഉൾപ്പെടെ പ്രവർത്തിച്ചുവരുന്നു. ഒരു പഠനകേന്ദ്രത്തിൽ 30 പട്ടികവർഗ്ഗ പഠിതാക്കൾക്ക് പഠനസൗകര്യം ഒരുക്കുന്നതിന് കോളനികളിലെ കമ്മ്യൂണിറ്റി ഹാളുകളും മറ്റു സമാന ഇടങ്ങളും കണ്ടെത്തിയിട്ടുണ്ട്. ഈ പദ്ധതിയിലൂടെ പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും പട്ടികവർഗ്ഗ യുവതീ യുവാക്കൾക്ക് ജോലി ഉറപ്പ് വരുത്തുന്നതിനും സാധിച്ചിട്ടുണ്ട്. നിലവിൽ 250 സാമൂഹ്യപഠന മുറികളിലായി 7,392 വിദ്യാർത്ഥികൾ പഠനം നടത്തിവരുന്നു. കൂടാതെ 250 സാമൂഹ്യപഠനമുറികൾ കൂടി ഒരുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പുതുതായി 114 സാമൂഹ്യപഠനമുറികൾ സജ്ജീകരി ക്കുന്നതിനായി നബാർഡ്-RIDF ധനസഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (സി) | കോവിഡ് കാലത്തും പട്ടികജാതി, പട്ടിക-ഗോത്രവർഗ്ഗ വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാൻറും പ്രതിമാസ സ്റ്റൈപെൻഡും സമയബന്ധിതമായി നൽകിയിരുന്നോയെന്ന് വ്യക്തമാക്കാമോ? | (സി) | കോവിഡ് കാലത്ത് ഓൺലൈൻ ക്ലാസ് ആയതിനാൽ അതിനു വിധേയമായി പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ കൃത്യമായി നൽകിയിട്ടുണ്ട്. സ.ഉ(അച്ചടി) നം.1/2020/പജപവവിവ തീയതി 09.01.2020 പ്രകാരം വിദ്യാഭ്യാസാനുകൂല്യങ്ങളായ LSG, Stipend എന്നിവ വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധനവിനനുസൃതമായി വിദ്യാഭ്യാസാനുകൂല്യങ്ങൾ സമയബന്ധിതമായി അനുവദിച്ചു നൽകിയിട്ടുണ്ട്. സ്കൂൾ വർഷാരംഭം മുതൽ തന്നെ ലംപ്സംഗ്രാന്റ് പ്രതിമാസ സ്റ്റൈപ്പന്റ് മുതലായ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ പട്ടികവർഗ്ഗ വികസന വകുപ്പ് വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ